കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആസ്ഥാനം

1067 [1691] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റേറേറ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആസ്ഥാനം എറണാകുളത്തു നിന്നും മാറാനുള്ള വല്ല ആലോചനയുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടേയ്ക്കു മാറാനാണ് ആലോചനയുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആസ്ഥാനം (രജി സ്റേറർഡ് ആഫീസ്) തിരുവനന്തപുരത്താണ്. എറണാകുളത്ത് ഒരു റീജിയണൽ ആഫീസ് മാത്രമേയുള്ളു. അത് അവിടെനിന്നും മാറാൻ ഇപ്പോഴ് ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വനംവകുപ്പിന്റെ കീഴിലുള്ള ആനകൾ

1068 [1693] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനംവകുപ്പിന്റെ കീഴിൽ എത്ര ആനകളുണ്ട്;

(ബി) എത്ര കാടുകളിൽനിന്നാണ് ആനകളെ അധികം കിട്ടാറുള്ളത്;

(സി) ആനപിടുത്തത്തിന് ഗവൺമെന്റ് എന്തെങ്കിലും പുതിയ മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 43 (നാൽപ്പത്തിമൂന്ന്)

(ബി) കോന്നി, മലയാറ്റൂർ, നിലമ്പൂർ, കോഴിക്കോട് എന്നീ പ്രദേശങ്ങളിലുള്ള കാടുകളിൽനിന്ന്.

(സി) ഇല്ല.

കൈത്തറി സഹകരണ സംഘങ്ങൾ

1069 [1694] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവുംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇന്ന് എത്ര കൈത്തറി സഹകരണ സംഘങ്ങളുണ്ട്;

(ബി) മാവേലിക്കര കൈത്തറി സഹകരണ സംഘം ഇന്നു പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly